ചെയ്ത് പത്തനംതിട്ട പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. രണ്ട് പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്.

29 (29) കായംകുളത്തെ പള്ളി തകർത്ത സംഭവം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ മാർച്ച് 14-ന് രാത്രി തെക്കിനാൽ പെന്തക്കോസ്ത് പള്ളി തകർത്തവരെ പിടികൂടിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കായംകുളം ഡിവൈ.എസ്.പി.യ്ക്കും സർക്കിൾ ഇൻസ്പെക്ടർക്കും യഥാർത്ഥ കുറ്റവാളികളെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ സംഭവം ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിന് വിട്ടു എന്ന് സർക്കാർ കായംകുളം എം.എൽ.എ.യെ അറിയിച്ചശേഷം ഉണ്ടായ അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) യഥാർത്ഥ കുറ്റവാളികളെ ഇപ്പോൾ പിടികൂടിയിട്ടുണ്ടോ; എങ്കിൽ അവർ ആരൊക്കെയാണ്; അവരുടെ രാഷ്ട്രീയ സ്വഭാവം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) സംഭവത്തോടനുബന്ധിച്ച് കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം 118/99 ആയി രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം ത്വരിതപ്പെടുത്തുവാൻ ഡി.ജി.പി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

30 (30) അഡ്വ. ജനറലിന്റെ ഡൽഹി സന്ദർശനം

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന അഡ്വ. ജനറൽ എത്ര പ്രാവശ്യം ഡൽഹി സന്ദർശിച്ചിട്ടുണ്ട്;

(ബി) ഓരോ സന്ദർശനത്തിന്റേയും വിശദവിവരം നൽകുമോ;

(സി) എപ്പോഴെങ്കിലും അദ്ദേഹം സുപ്രീംകോടതിയിൽ കേസ്സ് വാദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം കേസ്സുകളാണെന്നും ഏതൊക്കെ ദിവസങ്ങളിലാണ് വാദിച്ചത് എന്നും വിശദമാക്കുമോ;

(ഇ) അദ്ദേഹത്തിന് ടി.എ., ഡി.എ. അലവൻസ് എന്നിവ നൽകുന്നത് സംബന്ധിച്ച് ഈ സർക്കാർ പുതുതായി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഉത്തരവിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly